©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2020 നവംബർ 24** 24th November 2020 / **1196 വൃശ്ചികം 9** 9th Vrischikam 1196 / **1942 അഗ്രഹായനം 3** 3rd Agrahayana 1942 | **നമ്പർ** No. | **46** |

## PART III

# Dairy Development Department

**കൊല്ലം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീമതി അനിത, കെ.)

നമ്പർ എ5-2350/2019. 2020 ഒക്ടോബർ 19.

വിഷയം:— ക്ഷീരവികസന വകുപ്പ്—കൊല്ലം ജില്ല—അഞ്ചൽ ബ്ലോക്ക്—തെന്മല വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 191 (ഡി) ആപ്കോസ് സമാപ്തീകരിച്ചുകൊണ്ടും 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ടും പുറപ്പെടുവിക്കുന്ന ഉത്തരവ്.

പരാമർശം:— (1) കൊല്ലം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 26-6-2019-ലെ മേൽ നമ്പർ ഉത്തരവ്.

(2) അഞ്ചൽ ക്ഷീരവികസന ആഫീസറുടെ 18-8-2020-ലെ 26/20 നമ്പരായുള്ള റിപ്പോർട്ടും ശുപാർശയും.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ അഞ്ചൽ ക്ഷീരവികസന യൂണിറ്റിന് പരിധിയിലുള്ള തെന്മല വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 191 (ഡി) ആപ്കോസ് പ്രവർത്തന ക്ഷമമാക്കുവാൻ കഴിയുമോ എന്നറിയുന്നതിന് അഞ്ചൽ ക്ഷീരവികസന ഓഫീസറെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം അഞ്ചൽ ക്ഷീരവികസന ഓഫീസർ തെന്മല വെസ്റ്റ് ക്ഷീരസഹകരണ സംഘത്തിൽ പരിശോധന നടത്തുകയും സംഘം പ്രവർത്തനം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ലാത്തതിനാലും സംഘം പുനരുദ്ധീകരിക്കാൻ യാതൊരുവിധ സാധ്യതയും ഇല്ലായെന്നും സംഘം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം അഞ്ചൽ ക്ഷീരവികസന ഓഫീസർ ശുപാർശ സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ തെന്മല വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 191 (ഡി) ആപ്കോസ് സമാപ്തീകരിച്ചുകൊണ്ടും 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഡെപ്യൂട്ടി ഡയറക്ടർ.

---

## പാലക്കാട് ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ജയസുജീഷ്, ജെ. എസ്.)

നമ്പർ ഇ. 1106/2015(10). 2020 ഒക്ടോബർ 5.

വിഷയം:—ക്ഷീരവികസന വകുപ്പ്—പാലക്കാട്—അലനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം, ക്ലിപ്തം നമ്പർ പി. 17 സമാപ്തീകരണം—1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദു ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 31-10-2005-ാം തീയതിയിലെ ഇ-3355/05 നമ്പർ ഉത്തരവ്.

(2) ലിക്വിഡേറ്റർ പുറപ്പെടുവിച്ച നോട്ടീസ്.

(3) ലിക്വിഡേറ്ററുടെ 19-11-2019-ാം തീയതിയിലെ കത്ത്.

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്കിലെ മേൽ പരാമർശം (1) പ്രകാരം അലനല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 17 സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി മണ്ണാർക്കാട് ബ്ലോക്ക് ക്ഷീര വികസന ഓഫീസറെ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിക്കുകയും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ 1969 കേരള സഹകരണ സംഘം നിയമം ചട്ടം 69 അനുസരിച്ച് നോട്ടീസ് പുറപ്പെടുവിക്കുകയും ആക്ഷേപങ്ങളും പരാതികളും ക്ഷണിക്കുകയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാധ്യതകളെ സംബന്ധിച്ചും മറ്റും പരാതികൾ ബോധിപ്പിക്കുന്നതിന് സമയം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരുവിധ പരാതികളും ആക്ഷേപങ്ങളും ലഭിച്ചില്ലെന്നും സമാപ്തീകരണ നടപടികൾ തുടർന്നു കൊണ്ടിരിക്കുന്ന അലനല്ലൂർ ക്ഷീര വ്യവസായ സംഘത്തിന്റെ ഏതെങ്കിലും രേഖകളോ ബാങ്ക് ബാലൻസ് രേഖകളോ മറ്റ് അസറ്റുകളോ ഇല്ലായെന്ന് ലിക്വിഡേറ്റർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതും സംഘത്തിൽ ബാദ്ധ്യതകളൊന്നും കൊടുത്തു തീർക്കാനില്ലെന്നും ആയതിനാൽ സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാമെന്ന് മേൽ പരാമർശം (3) പ്രകാരം ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്യുകയും ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

**ഉത്തരവ്**

മേൽ റിപ്പോർട്ടുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ അലനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 17 എന്ന ക്ഷീര സംഘത്തിന്റെ തുടർ പ്രവർത്തനം നിലച്ചതിനാലും, പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും, സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, (ഒപ്പ്)
പാലക്കാട്. ഡെപ്യൂട്ടി ഡയറക്ടർ.